EL 035 292 065

Samunnathi

104543

No: 172/A2/2017/KSWCFC

21-10-2017

From

മാനേജിംഗ് ഡയറക്ടർ

To

ഡയറക്ടർ,

കോളേജ് വിദ്യാഭ്യാസ വകുപ്പ്,

തിരുവനന്തപുരം.

സർ,

വിഷയം: കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ - വിദ്യാഭ്യാസ സ്കോളർഷിപ്പ് - അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

കേരളത്തിലെ മുന്നാക്ക സമുദായങ്ങളിൽപ്പെടുന്ന നിർദ്ധനരായ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കായി കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ നൽകി വരുന്ന വിദ്യാഭ്യാസ സ്കോളർഷിപ്പിന് 2017-18 വർഷത്തേയ്ക്കുള്ള അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, പോളിടെക്നിക്/ഐടിഐ, വിവിധ പ്രൊഫഷണൽ നോൺ പ്രഫഷണൽ കോഴ്സുകളിലുള്ള ബിരുദം, ബിരുദാനന്തരബിരുദം, സി എ, സിഎംഎ, സിഎസ്, ദേശീയ നിലവാരമുള്ള സ്ഥാപനങ്ങളിലെ ബിരുദം, ബിരുദാനന്തരബിരുദം എന്നിവയ്ക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യത്തിനായി വിദ്യാസമുന്നതി സ്കോളർഷിപ്പും മെഡിക്കൽ/എഞ്ചിനീയറിംഗ് (ബിരുദം & ബിരുദാനന്തര ബിരുദം), സിവിൽ സർവ്വീസസ്, ബാങ്ക്/പി.എസ്.സി/യു.പി.എസ്.സി തുടങ്ങിയ മത്സര പരീക്ഷകൾക്കായുള്ള പരിശീലനത്തിന് ധനസഹായവുമാണ് നൽകുന്നത്. സംവരണേതര സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽപ്പെടുന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് അപേക്ഷ നൽകാവുന്നതാണ്. അപേക്ഷകൾ 2017 ഒക്ടോബർ 10 മുതൽ നവംബർ 15 വരെ ഓൺലൈനായാണ് സമർപ്പിക്കേണ്ടത്. വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും www.kswcfc.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

ഇതു സംബന്ധിച്ച അറിയിപ്പുകൾ താങ്കളുടെ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനും നോട്ടീസ് ബോർഡുകളിലൂടെ അറിയിപ്പ് നൽകി വിദ്യാർത്ഥികൾക്കിടയിൽ പദ്ധതികൾ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും ആവശ്യമായ നിർദ്ദേശം സ്ഥാപനമേധാവികൾക്ക് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

Sobha

ശോഭ. വി

ജനറൽ മാനേജർ

മാനേജിംഗ് ഡയറക്ടർക്കു വേണ്ടി

മേലെഴുത്ത് നം. ആർ1/104543/2017/കോവിവ. തീയതി 3/11/17

കത്തിന്റെ പകർപ്പ് എല്ലാ സ്ഥാപനമേധാവികൾക്കും അറിവിലേയ്ക്കായി നൽകുന്നു.

**Kerala State Welfare Corporation for Forward Communities Ltd.**
T.C.9/476, L2, Kuleena, Jawahar Nagar, Kowdiar P.O., Thiruvananthapuram - 3
Phone : 0471 2311215, Fax : 0471 2311215, Email : kswcfc@gmail.com, Web : www.kswcfc.org

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ

പകർപ്പ് - എല്ലാ സ്ഥാപനമേധാവികൾക്കും.